**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**നെഹ്റു ട്രോഫി പ്രത്യേക പത്രക്കുറിപ്പ് 2017 ഓഗസ്റ്റ് 10 വ്യാഴം**

# നെഹ്റു ട്രോഫി വള്ളംകളി 2017: ജില്ലാ കളക്ടറുടെ പത്രസമ്മേളനക്കുറിപ്പ്

ആലപ്പുഴ: നെഹ്റു ട്രോഫിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വള്ളങ്ങൾ പങ്കെടുക്കുന്ന വള്ളംകളിയുടെ ഒരുക്കം പൂർത്തീകരിച്ചതായി ജില്ലാ കളക്ടർ വീണ എൻ. മാധവൻ പത്രസമ്മേളനത്തിൽ അറിയിച്ചു. ചുണ്ടൻ മത്സര ഇനത്തിൽ 20 വള്ളങ്ങളും പ്രദർശന മത്സരത്തിൽ നാലും ഉൾപ്പെടെ 24 വള്ളങ്ങൾ പങ്കെടുക്കും. അഞ്ച് ഇരുട്ടുകുത്തി എ ഗ്രേഡ് വള്ളവും 25 ഇരുട്ടുകുത്തി ബി ഗ്രേഡ് വള്ളവും ഒമ്പത് വെപ്പ് എ ഗ്രേഡ് വള്ളവും ആറ് വെപ്പ് ബി ഗ്രേഡ് വള്ളവും മൂന്ന് ചുരുളൻ വള്ളവും തെക്കനോടിയിൽ മൂന്നുവീതം തറ, കെട്ടു വള്ളവും മത്സരത്തിൽ മാറ്റുരയ്ക്കും. ഓഗസ്റ്റ് 12 രാവിലെ 11 ന് ചെറുവള്ളങ്ങളുടെ ഹീറ്റ്സ് മത്സരങ്ങൾ നടക്കും.

## മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഉച്ചകഴിഞ്ഞ് രണ്ടിന് മുഖ്യമന്ത്രി പിണറായി വിജയൻ വള്ളംകളി ഉദ്ഘാടനം ചെയ്യും. നെഹ്റു പ്രതിമയിൽ പുഷ്പാർച്ച നടത്തിയശേഷം അദ്ദേഹം പതാകയുയർത്തും. ധനവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്, പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ, ഭക്ഷ്യ-പൊതുവിതരണ മന്ത്രി പി. തിലോത്തമൻ, ടൂറിസം-സഹകരണവകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ഗതാഗത വകുപ്പ് മന്ത്രി തോമസ് ചാണ്ടി, റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ, ജലസേചന വകുപ്പ് മന്ത്രി മാത്യു റ്റി. തോമസ്, തുറമുഖ-പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ജമ്മു-കാശ്മീർ ധനമന്ത്രി ഹസീബ് എ. ഡ്രാബു, എം.പി.മാരായ കെ.സി. വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എ.മാരായ അഡ്വ. എ.എം. ആരിഫ്, ആർ. രാജേഷ്, കെ.കെ. രാമചന്ദ്രൻ നായർ, അഡ്വ. യു. പ്രതിഭാ ഹരി, ഹൈക്കോടതി ജഡ്ജി കെ. സുരേന്ദ്ര മോഹൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ, ജില്ലാ കളക്ടർ വീണ എൻ. മാധവൻ, ഉന്നതഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. 2016 ലെ നെഹ്റു ട്രോഫി മാധ്യമ അവാർഡുകളും ഭാഗ്യചിഹ്ന മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യും. നെഹ്റു ട്രോഫി സുവനീർ പ്രകാശനവും നടക്കും.

## പുന്നമട മത്സരത്തിനൊരുങ്ങി

ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റിയുടെ നേതൃത്വത്തിൽ നെഹ്റു പവിലിയന്റെയും താൽക്കാലിക ഗാലറികളുടെയും നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. യന്ത്രവത്കൃത സ്റ്റാർട്ടിങ് സംവിധാനവും ഒരുങ്ങി. വള്ളംകളി മത്സരം സമയത്തെ അടിസ്ഥാനമാക്കിയായതിനാൽ വള്ളങ്ങൾ ഫിനിഷ് ചെയ്യുന്ന സമയം അറിയാൻ അത്യാധുനിക ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഇത്തവണ ചെറുവള്ളങ്ങളുടെ മത്സരവും ഫിനിഷ് ചെയ്ത സമയം അടിസ്ഥാനപ്പെടുത്തിയാണ്. ഏറ്റവും കുറഞ്ഞ സമയത്തിൽ ഫിനിഷ് ചെയ്ത വള്ളങ്ങളാണ് ഫൈനലിലെത്തുക.

ജലമേള കാണുന്നതിനായി നഗരത്തിൽ എത്തുന്നതിനും തിരികെ പോകുന്നതിനും ബസ്, ബോട്ട് സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തിയിട്ടുണ്ട്. 318,33,250 രൂപ വരവും 222,97,700 രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പാസാക്കിയിട്ടുള്ളതാണ്. ബജറ്റിൽ പ്രതീക്ഷിച്ചതുപോലെ ടൈറ്റിൽ സ്പോൺസറെ ലഭ്യമായിട്ടില്ലെങ്കിലും സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകുന്ന ഒരു കോടി രൂപ, ടിക്കറ്റ് വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുക, നഗരത്തിലെ ബാങ്കുകൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളുടെ സഹായം, പരസ്യം എന്നീ സ്രോതസുകളിലൂടെ ലഭിക്കുന്ന പണം ഉപയോഗിച്ച് വള്ളംകളി സുഗമമായി നടത്തും.

## വള്ളംകളി തത്സമയം വെബ്സൈറ്റിലൂടെ

ദൂരദർശന്റെ തത്സമയ സംപ്രേക്ഷണം വെബ്സ്ട്രീമിങ് വഴി ലോകമെമ്പാടുമുള്ള വള്ളംകളി പ്രേമികളിലേക്ക് എത്തിക്കും. ഇന്റർനെറ്റ് വെബ്കാസ്റ്റിങ് നടത്തും. http://webcast.gov.in/nehrutrophy എന്ന ഔദ്യോഗിക വെബ്സൈറ്റിൽ വള്ളംകളി കാണാം. വെബ്സൈറ്റ് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മാത്രം 5,39,642 പേർ സന്ദർശിച്ചു. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് വെബ്സൈറ്റ് പരിപാലിക്കുന്നത്. ഈ വർഷം ജനുവരി മുതൽ ഇതുവരെ 8,63,272 പേർ വെബ്സൈറ്റ് സന്ദർശിച്ചു.

## മാധ്യമ അവാർഡിന് എൻട്രികൾ അയയ്ക്കാം

മാധ്യമപ്രവർത്തകർക്കായി ആലപ്പുഴ നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ഏർപ്പെടുത്തിയ നെഹ്റു ട്രോഫി മാധ്യമ അവാർഡിന് അപേക്ഷിക്കാം. 65-ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗമായി, 2017 ജൂലൈ 10 മുതൽ ഓഗസ്റ്റ് 13 വരെ പത്രങ്ങളിലും ആനുകാലികങ്ങളിലും മലയാളം ടി.വി. ചാനലുകളിലും പ്രസിദ്ധീകരിച്ച, ജലമേളയുടെ പ്രചാരണത്തിനു സഹായകമായ റിപ്പോർട്ട്, വാർത്താദൃശ്യം എന്നിവയാണ് പരിഗണിക്കുക.

പത്ര-ദൃശ്യമാധ്യമറിപ്പോർട്ടർ, പത്രഫോട്ടോഗ്രാഫർ, ദൃശ്യമാധ്യമത്തിലെ കാമറാമാൻ എന്നിങ്ങനെ നാല് വിഭാഗങ്ങളിലുള്ള മാധ്യമപ്രവർത്തകർക്ക് അപേക്ഷിക്കാം. ട്രോഫിയും 10,001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

അച്ചടി മാധ്യമ റിപ്പോർട്ടിങ് അവാർഡിനായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ ക്ലിപ്പിങ്ങിനു പുറമേ രണ്ടു കോപ്പികൾ കൂടി അയയ്ക്കണം. വാർത്താ ചിത്രത്തിന്റെ 10 X 8 വലിപ്പത്തിലുള്ള മൂന്നു പ്രതികളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു പ്രതിയും വയ്ക്കണം.

മലയാളം ടി.വി. ചാനലിലെ വാർത്താ ബുള്ളറ്റിനിലോ വാർത്താ മാഗസിനിലോ സംപ്രേഷണം ചെയ്ത, ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളുടെ ഡി.വി.ഡി./സി.ഡി. ഫോർമാറ്റ് സമർപ്പിക്കണം. രണ്ടു കോപ്പി നല്കണം. ഒരു ചാനലിൽ നിന്ന് ഓരോ വിഭാഗത്തിലും പരമാവധി അഞ്ച് എൻട്രിയേ പാടുള്ളൂ. എൻട്രിയോടൊപ്പം ചിത്രത്തിന്റെ ടൈറ്റിൽ, ഉള്ളടക്കം, തീയതി, ദൈർഘ്യം, വിവരണം എന്നിവ എഴുതി നൽകണം. ഒരു സ്റ്റോറി പല ഭാഗങ്ങളായി സമർപ്പിക്കാതെ സമഗ്രസ്വഭാവത്തോടു കൂടിയ വാർത്താ റിപ്പോർട്ടായി നല്കേണ്ടതാണ്.

പ്രസിദ്ധപ്പെടുത്തിയ പത്രം, ടി.വി. ചാനൽ എന്നിവയുടെ പേര്, തീയതി, സമയം, ജേണലിസ്റ്റിന്റെ/ഫോട്ടോഗ്രാഫറുടെ/കാമറാമാന്റെ പേര്, വിലാസം എന്നിവ എൻട്രിയോടൊപ്പം മറ്റൊരു പേപ്പറിൽ ചേർത്തിരിക്കണം. ഒരാൾക്ക് ഒരു വിഭാഗത്തിൽ പരമാവധി രണ്ട് എൻട്രികൾ അയയ്ക്കാം. ഒരേ എൻട്രി ഒന്നിലേറെ വിഭാഗങ്ങളിലേക്ക് അയയ്ക്കാൻ പാടില്ല. ഓരോ എൻട്രിയും പ്രത്യേകം കവറിൽ അയയ്ക്കണം. കവറിനു പുറത്ത് മത്സരവിഭാഗം ഏതെന്നു രേഖപ്പെടുത്തിയിരിക്കണം. സി.ഡി./ഡി.വി.ഡി.യുടെ പുറത്ത് അപേക്ഷകൻ പേരെഴുതി ഒപ്പിടണം. എൻട്രി അപേക്ഷകൻ തയ്യാറാക്കിയതാണെന്നതിന് ന്യൂസ് എഡിറ്ററുടെയോ സ്ഥാപനത്തിലെ മറ്റ് മേലധികാരിയുടെയോ സാക്ഷ്യപത്രവും വയ്ക്കണം.

എൻട്രികൾ 2017 ഓഗസ്റ്റ് 31ന് വൈകിട്ട് അഞ്ചിനകം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, സെക്രട്ടറി- നെഹ്റു ട്രോഫി മാധ്യമ അവാർഡ് കമ്മിറ്റി, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ -688 001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0477 2251349.

## സുരക്ഷയൊരുക്കാൻ 2,000 പൊലീസുകാർ; നഗരം സി.സി. ടി.വി കാമറ നിരീക്ഷണത്തിൽ

വള്ളംകളിയോടനുബന്ധിച്ച് സുരക്ഷാ ഡ്യൂട്ടിക്കും ട്രാഫിക് ക്രമീകരണങ്ങൾക്കുമായും പുന്നമടയും പരിസര പ്രദേശങ്ങളും 14 സെക്ടറുകളായി തിരിച്ച് രണ്ടായിരം പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ 20 ഡിവൈ.എസ്.പി, 33 സി.ഐ., 353 എസ്.ഐ. എന്നിവരുൾപ്പടെയാണിത്. രാവിലെ ആറു മുതൽ പോലീസുദ്യോഗസ്ഥരെ വിന്യസിക്കും.

പുന്നമടക്കായലിലും ജനങ്ങളുടെ സുരക്ഷയ്ക്കായി 40 ബോട്ടുകളിലായി പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. സുരക്ഷയുടെ ഭാഗമായി ആലപ്പുഴ നഗരം പൂർണ്ണമായും സി.സി. ടി.വി കാമറാ നിരീക്ഷണത്തിലായിരിക്കും.

വള്ളംകളിയുടെ സുഗമമായ നടത്തിപ്പിനായി ഡോക്ക്ചിറയുടെ വടക്കുവശം കായലിൽ മത്സര വള്ളങ്ങൾക്ക് മാത്രം കടന്നുപോകാൻ ഇടയൊരുക്കി ബാരിക്കേഡ് കെട്ടും. അതുവഴി മറ്റ് ജലയാനങ്ങൾ വള്ളംകളി ട്രാക്കിലേക്ക് കയറുന്നത് ഒഴിവാക്കും. കാണികളിൽ നിന്നുള്ള അനാവശ്യ ഇടപെടലുകൾ ഒഴിവാക്കാൻ സ്റ്റാർട്ടിംഗ് പോയിന്റിന്റെ ഇരുകരകളിലും സുരക്ഷയെ മുൻനിർത്തി ബാരിക്കേഡുകൾ സ്ഥാപിക്കും. വള്ളംകളി നടക്കുന്ന പുന്നമടയിലും പരിസര പ്രദേശങ്ങളിലും ജനത്തിരക്കിനിടയിൽ മാല മോഷണം, പോക്കറ്റടി മറ്റ് സാമൂഹികവിരുദ്ധ

പ്രവർത്തനങ്ങൾ എന്നിവ തടയുന്നതിനായി ഷാഡോ പോലീസ് ഉദ്യോഗസ്ഥരെയും സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥരെയും മഫ്ടിയിൽ നിയമിച്ചിട്ടുണ്ട്.

## നീന്തി ട്രാക്കിൽ കയറിയാൽ കർശന നടപടി; നിയമലംഘനം കണ്ടെത്താൻ കാമറ

നെഹ്റുട്രോഫി വള്ളംകളിയുടെ നിയമാവലികൾ അനുസരിക്കാത്ത വള്ളങ്ങളെയും അതിലുള്ള തുഴക്കാരെയും കണ്ടെത്തുന്നതിനും മറ്റ് നിയമലംഘകരെ കണ്ടെത്തുന്നതിനും വീഡിയോ കാമറകൾ ഏർപ്പെടുത്തി. ഇത്തരക്കാരുടെ പേരിൽ കർശന നിയമനടപടി സ്വീകരിക്കുന്നതാണ്. മത്സരസമയം കായലിൽ  ചാടി ട്രാക്കിൽ കയറിയും മറ്റും മത്സരം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നവരെ മത്സരം അലങ്കോലപ്പെടുത്തിയതായി കണ്ട് അറസ്റ്റ് ചെയ്ത് കർശന നിയമനടപടി സ്വീകരിക്കും. വള്ളംകളി നടക്കുന്ന സ്ഥലത്തും പരിസര പ്രദേശങ്ങളിലും മറ്റും മദ്യപാനം തടയുന്നതിന് റെയ്ഡുകൾ നടത്താൻ ഷാഡോ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

## പ്രവേശനം പാസുള്ളവർക്കു മാത്രം

പാസ്സുള്ളവരെ മാത്രം പരിശോധിച്ച് കടത്തി വിടുന്നതിനായി ഫിനിഷിംഗ് പോയന്റ് പ്രധാന കവാടത്തിലേക്കുള്ള റോഡിൽ ബാരിക്കേഡ് സ്ഥാപിച്ചിട്ടുണ്ട്. പവലിയനുകളിൽ പാസില്ലാതെ ആരെയും കയറ്റില്ല. അതിക്രമിച്ചു കയറി സീറ്റ് കൈക്കലാക്കുന്നവരെ തടയും. ഇപ്രകാരം ആളുകളെ ബോട്ടിലും മറ്റും എത്തിക്കുന്നവർക്കെതിരെയും നിയമനടപടി സ്വീകരിക്കും. രാവിലെ ആറു മുതൽ പാസ്സില്ലാത്ത ആരെയും പവലിയൻ ഭാഗത്തേക്ക് കടത്തിവിടില്ല.

പാസ്സ് / ടിക്കറ്റുമായി പവലിയനിൽ പ്രവേശിച്ച് കഴിഞ്ഞാൽ വള്ളംകളി തീരുന്നതിനുമുമ്പ് പുറത്തുപോയാൽ പിന്നിട് തിരികെ പ്രവേശിപ്പിക്കുന്നതല്ല. അനധികൃത പാസുകൾ പിടികൂടുന്നതിന് ഷാഡോ പോലീസിനെ വിന്യസിക്കും കർശന നിയമ നടപടി സ്വീകരിക്കും. വള്ളംകളി കഴിഞ്ഞ് നെഹ്റുപവലിയനിൽ നിന്നും തിരികെ പോകുന്നവർക്കായി ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ട് ഏർപ്പാട് ചെയ്തിട്ടുണ്ട്. അപകടം ഒഴിവാക്കുന്നതിനായി ജനങ്ങൾ തിക്കുംതിരക്കും ഒഴിവാക്കണം.

രാവിലെ എട്ടിനു ശേഷം ഒഫിഷ്യൽസിന്റെ അല്ലാത്ത ബോട്ടുകളും സ്പീഡ് ബോട്ടുകളും, വള്ളങ്ങളും മത്സരട്രാക്കിൽ പ്രവേശിക്കാൻ പാടില്ല. അപ്രകാരം പ്രവേശിക്കുന്ന വള്ളങ്ങളെ പിടിച്ചെടുക്കും. ജലയാനങ്ങളുടെ പെർമിറ്റും ഡ്രൈവറുടെ ലൈസൻസും മൂന്ന് വർഷത്തേക്ക് സസ്പെൻഡ് ചെയ്യുന്നതിന് ശുപാർശ ചെയ്യും.

അനൗൺസ്മെന്റ്/പരസ്യബോട്ടുകൾ രാവിലെ എട്ടിനു ശേഷം ട്രാക്കിലും പരിസരത്തും സഞ്ചരിക്കാൻ പാടില്ല. മൈക്ക് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ ബോട്ടുകൾ മൈക്ക് സെറ്റ് സഹിതം പിടിച്ചെടുത്ത് നടപടി സ്വീകരിക്കും. ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിന് ശുപാർശ ചെയ്യും.

വള്ളംകളി ദിവസം പുന്നമട കായലിൽ ട്രാക്കിനു കിഴക്കു വശത്തും പരിസരങ്ങളിലുമായി നങ്കൂരമിടുന്നതും സഞ്ചരിക്കുന്നതുമായ ഹൗസ് ബോട്ട്, മോട്ടോർ ബോട്ട് എന്നിവയിൽ അനുവ

ദനീയമായതിലും കൂടുതൽ ആളുകളെ കയറ്റാൻ അനുവദിക്കില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജലയാനങ്ങളെ സ്ഥലത്തു നിന്നും നീക്കും. അടിയന്തര ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി പുന്നമട സ്റ്റാർട്ടിംഗ് പോയന്റ്, ഫിനിഷിംഗ് പോയന്റ്, മാതാ ജെട്ടി, രാജീവ് ജെട്ടി, പോലീസ് കൺട്രോൾ റൂം എന്നിവിടങ്ങളിലായി ആറ് ആംബുലൻസുകൾ തയ്യാറാക്കി നിർത്തും.

## കാണികൾ രാവിലെ 10നകം എത്തണം; മലിനമാക്കരുത് ജലാശയം

വള്ളംകളികാണാൻ ബോട്ടിലെത്തുന്നവർ രാവിലെ 10 മണിക്ക്  മുൻപ് സ്ഥലത്ത് എത്തണം. ഗാലറികളിൽ പ്രവേശിക്കുന്നവരും മറ്റ് കരഭാഗത്തു നിൽക്കുന്നവരും കനാലിലേക്കും മറ്റും പ്ലാസ്റ്റിക്ക് കുപ്പികളോ മറ്റ് സാധന സാമഗ്രികളോ വലിച്ചെറിയരുത്.

രാവിലെ 10ന് ശേഷം ഡി.റ്റി.പി.സി. ജെട്ടിമുതൽ പുന്നമടകായലിലേക്കും തിരിച്ചും ബോട്ട് സർവ്വീസ് അനുവദിക്കില്ല.

## നഗരത്തിൽ ഗതാഗത നിയന്ത്രണം

ഓഗസ്റ്റ് 12ന് രാവിലെ ഒമ്പതു മുതൽ ആലപ്പുഴ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. രാവിലെ ആറു മുതൽ ആലപ്പുഴ നഗരത്തിലെ റോഡുകളിൽ പാർക്കിംഗ് അനുവദിക്കില്ല. അനധികൃതമായി പാർക്കുചെയ്യുന്ന വാഹനങ്ങൾ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്യും. ഉടമയിൽ നിന്ന് പിഴ ഈടാക്കും.

രാവിലെ ഏഴു മുതൽ വൈകിട്ട് ഏഴു വരെ ജില്ലാ കോടതി വടക്കെ ജംഗ്ഷൻ മുതൽ കിഴക്കോട്ട് തത്തംപള്ളി കായൽ കുരിശടി ജംഗ്ഷൻ വരെ വാഹനഗതാഗതം അനുവദിക്കില്ല. കൺട്രോൾ റൂം മുതൽ കിഴക്ക് ഫയർഫോഴ്സ് ഓഫിസ് വരെയുള്ള ഭാഗത്ത് കെ.എസ്.ആർ. ടി.സി. ഒഴികെയുള്ള വാഹനങ്ങളുടെ ഗതാഗതവും അനുവദിക്കില്ല.

വള്ളംകളി കാണാൻ ആലപ്പുഴ തണ്ണീർമുക്കം റോഡിലൂടെ വടക്കു ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ എസ്.ഡി.വി. സ്കൂൾ ഗ്രൗണ്ടിൽ പാർക്കുചെയ്യണം. എറണാകുളം ഭാഗത്തു നിന്ന് ദേശീയപാതയിലൂടെ വരുന്ന വാഹനങ്ങൾ കൊമ്മാടി വഴി വന്ന് എസ്.ഡി.വി. സ്കൂൾ ഗ്രൗണ്ടിൽ പാർക്കുചെയ്യണം. ചങ്ങനാശ്ശേരി ഭാഗത്ത് നിന്നും കൈതവന ഭാഗത്തുകൂടി വരുന്ന വാഹനങ്ങൾ കാർമൽ, സെന്റ് ആന്റണി സ്കൂൾ ഗ്രൗണ്ടിൽ പാർക്കുചെയ്യണം.

രാവിലെ ഒമ്പതു മുതൽ രാത്രി എട്ടു വരെ ഹെവികണ്ടെയ്നർ ടൗണിൽ പ്രവേശിക്കാൻ പാടില്ല. തെക്കുഭാഗത്ത് വരുന്ന ഹെവികണ്ടെയ്നർ വാഹനങ്ങൾ കളർകോട് ബൈപ്പാസിലും വടക്കുഭാഗത്തുനിന്നും വരുന്നവ കൊമ്മാടി ബൈപ്പാസിലും പാർക്കു ചെയ്യണം.

**പത്രസമ്മേളനത്തിൽ ജില്ലാ കളക്ടർ വീണ എൻ. മാധവൻ, എൻ.റ്റി.ബി.ആർ. സെക്രട്ടറിയായ ആർ.ഡി.ഒ. എസ്. മുരളീധരൻപിള്ള, പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ജില്ലാ ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല, ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി കൺവീനറായ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ. രേഖ, ഐ.റ്റി. കമ്മിറ്റി കൺവീനറായ ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ പി. പാർവതീദേവി എന്നിവർ പങ്കെടുത്തു.**